**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**സംയോജിത പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള പ്രവേശനം-2025 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു.**

2025-26 ലെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിൽ കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേയ്ക്കും, 30 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിലേയ്ക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ **21.07.2025** ന് ആരംഭിച്ചു.

വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Integrated Five Year LLB 2025-Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് താങ്കളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേർഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **27.07.2025 , 11.59 PM വരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളിലെ അപാകതകൾ മൂലം പരീക്ഷാ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇത്തരം വിദ്യാർത്ഥികൾ **25.07.2025 വൈകുന്നേരം 3.00** മണിക്കകം ആവശ്യമായ രേഖകൾ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്**

സംയോജിത പഞ്ചവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിനായി ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാനാഗ്രഹിക്കുന്ന വിദ്യാർഥികൾ 1,000/-(ആയിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. എസ്.സി/എസ്.ടി/ഒ.ഇ.സിക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ G.O (Ms)No.25/2005/SCSTDD dated 20.06.2005, G.O (Ms)No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിനു അർഹരായ വിദ്യാർഥികളും ശ്രീ ചിത്രാ ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി 500/-രൂപ (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അല്ലോട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം പ്രവേശനം നേടാതിരിക്കുകയും

ചെയ്യുന്നവരുടെ ഓപ്ഷൻ രജിസ്ട്രേഷൻ ഫീ പെനാൽറ്റി ആയി കണക്കാക്കുകയും, തിരികെ നൽകുന്നതുമല്ല. പ്രവേശനം നേടിയതിനു ശേഷം വിടുതൽ വാങ്ങുന്നവരുടെ ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റി ആയി കണക്കാക്കുകയും, തിരികെ നൽകുന്നതുമല്ല. അലോട്ട്മെന്റ് നടപടികൾ പൂർത്തിയായതിന് ശേഷം മാത്രമേ ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്ന നടപടികൾ ആരംഭിക്കുകയുള്ളൂ. ഇത് സംബന്ധിച്ചുള്ള വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്തവരെ യാതൊരു കാരണവശാലും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. ഇ-മെയിൽ/ നേരിട്ടോ/തപാൽ വഴിയോ ലഭിക്കുന്ന ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു :-**

| | |
|---|---|
| 21.07.2025 | **ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിക്കുന്നു** |
| 27.07.2025, 11.59 PM | **ഓപ്ഷൻ രജിസ്ട്രേഷൻ അവസാനിക്കുന്നു** |
| അലോട്ട്മെന്റും, കോളേജിൽ പ്രവേശനം നേടുന്നതിനും ഉള്ള ഷെഡ്യൂൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. | |

**DETAILS OF LAW COLLEGES INCLUDED IN CENTRALISED ALLOTMENT PROCESS (CAP)**

| Sl. No | College Code | Name of College | Course Code | Name of Course | Total Seats |
|---|---|---|---|---|---|
| **GOVERNMENT LAW COLLEGES** | | | | | |
| 1 | TVL | GOVT. LAW COLLEGE, THIRUVANANTHAPURAM | LB | BA. LL.B | 120 |
| 2 | EKL | GOVT. LAW COLLEGE, ERNAKULAM | LN | B.com. LL.B (Hons) | 60 |
| 3 | TCL | GOVT. LAW COLLEGE, THRISSUR | LO | BBA. LL.B (Hons) | 60 |
| 4 | KKL | GOVT. LAW COLLEGE, KOZHIKODE | LO | BBA. LL.B (Hons) | 120 |

## PRIVATE SELF FINANCING LAW COLLEGES

| Sl. No | College Code | Name of College | Course Code | Name of Course | Total Seats |
|---|---|---|---|---|---|
| 1 | ATL | AL AZHAR LAW COLLEGE, THODUPUZHA, IDUKKI | LN | B.Com LLB (Hons) | 60 |
| | | | LO | BBA LLB(Hons) | 60 |
| | | | LP | BA. LL.B (Hons) | 60 |
| 2 | CEL | CSI COLLEGE FOR LEGAL STUDIES, ETTUMANOOR, KOTTAYAM | LP | BA. LL.B (Hons) | 60 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | LN | B.Com LL.B (Hons) | 60 |
| 3 | SEL | SREE NARAYANA LAW COLLEGE, POOTHOTTA, ERNAKULAM | LP | BA. LL.B (Hons) | 60 |
| | | | LO | BBA. LL.B (Hons) | 60 |
| | | | LN | B.Com LL.B (Hons) | 60 |
| 4 | BAL | BHARATA MATA SCHOOL OF LEGAL STUDIES, ALUVA EAST, CHUNANGAMVELI, ERNAKULAM | LP | BA. LL.B(Hons) | 60 |
| | | | LO | BBA. LL.B (Hons) | 120 |
| | | | LN | B.Com LL.B (Hons) | 60 |
| 5 | GYL | GURU NITHYA CHAITHANYA YATHI COLLEGE OF LAW & RESEARCH CENTRE, KAYAMKULAM | LB | BA. LL.B | 60 |
| 6 | CPL | CSI INSTITUTE OF LEGAL STUDIES, CHERUVARAKONAM, TRIVANDRUM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B.Com LL.B | 60 |
| 7 | CTL | CO-OPERATIVE SCHOOL OF LAW, THODUPUZHA, IDUKKI | LO | BBA. LL.B (Hons) | 120 |
| | | | LP | BA LL.B (Hons) | 60 |
| | | | LN | B.Com LL.B (Hons) | 60 |
| 8 | KML | KMCT LAW COLLEGE, MALAPPURAM | LO | BBA. LL.B (Hons) | 120 |
| | | | LN | B.Com LLB (Hons) | 120 |
| 9 | GNL | MAR GREGORIOS COLLEGE OF LAW, NALANCHIRA, TRIVANDRUM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B.Com LL.B | 60 |
| 10 | MKL | MARKAZ LAW COLLEGE, MARKAZ KNOWLEDGE CITY, KANNOTH P.O, KOZHIKODE | LO | BBA. LL.B (Hons) | 60 |
| 11 | MCL* | MCT COLLEGE OF LEGAL STUDIES, MELMURI, MALAPPURAM | LO | BBA. LL.B (Hons) | 60 |

| | | | | | |
|---|---|---|---|---|---|
| 12 | MZL | MOUNT ZION LAW COLLEGE, KADAMANITTA,PATHANAMTHITTA | LN | B Com. LL.B (Hons) | 60 |
| | | | LO | BBA.LLB (Hons) | 60 |
| 13 | NCL | NEHRU ACADEMY OF LAW, LAKKIDI, PALAKKAD | LO | BBA.LLB (Hons) | 60 |
| | | | LN | B.Com LLB (Hons) | 60 |
| 14 | NKL | NSS LAW COLLEGE, KOTTIYAM, KOLLAM | LB | BA. LL.B | 60 |
| 15 | SKL | SREE NARAYANA GURU COLLEGE OF LEGAL STUDIES, KOLLAM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B Com. LL.B | 60 |
| 16 | PKL* | THE KERALA LAW ACADEMY LAW COLLEGE,THIRUVANANTHAPURAM | LC | B Com. LL.B | 60 |
| 17 | KEL | V R KRISHNAN EZHUTHACHAN LAW COLLEGE, PALAKKAD | LO | BBA.LL.B (Hons) | 60 |
| 18 | AAL* | AL AMEEN LAW COLLEGE, SHORNUR, PALAKKAD | LO | BBA. LL.B (Hons) | 60 |
| 19 | MPL | MAR IVANIOS, PULIYOOR, CHENGANNUR, ALAPPUZHA (DIST) | LB | BA LL.B | 60 |
| | | | LC | B Com. LL.B | 60 |
| 20 | DAL | DIVINE LAW COLLEGE, PATHANAPURAM, ADOOR, PATHANAMTHITTA | LB | BA LL.B | 60 |
| | | | LC | BCOM LL.B | 60 |
| 21 | BRL | BHAVANS N A PALKHIVALA ACADEMY OF ADVANCED LEGAL STUDIES & RESEARCH, KOZHIKKODE | LO | BBA. LL.B (Hons) | 120 |
| 22 | SDL | ST.DOMINIC’S COLLEGE OF LAW, KANJIRAPPALLY, KOTTAYAM | LO | BBA. LL.B (Hons) | 60 |
| | | | LP | BA. LL.B(Hons) | 60 |
| 23 | SJL | SILVER JUBILEE LAW COLLEGE, POOVACHAL, KATTAKKADA | LB | BA. LL.B | 60 |

| | | | | | |
|---|---|---|---|---|---|
| 24 | AIL | Ambookan Ittoop Memorial (AIM),College of Law, Poyya P O, Thrissur | LO | BBA LL.B (Hons) | 60 |
| 25 | IHL | Illahia Law college, Muvattupuzha, Ernakulam. | LP | BA LL.B (Hons) | 60 |
| 26 | KIL | KMM Law College, Thrikkakkara | LN | B.Com LLb (Hons) | 60 |
| 27 | SAL* | Sa- Adiya law college, Koliyadukkam, Perumbala, Kasaragod | LB | BA LL.B | 60 |
| 28 | IGL* | Indira Gandhi Law College,Indiragandhi Campus, Nellikuzhy,kothamangalam | LO | BBA LLB (Hons) | 60 |
| | | | LN | B.Com LLb (Hons) | 60 |
| 29 | CFL | CFI College of Law, Poyya, Thrissur | LN | B.Com LL.B (Hons) | 60 |
| | | | LO | BBA LL.B (Hons) | 60 |
| 30 | IML | IMT LAW COLLEGE, PERINTHALMANNA | LO | BBA. LL.B (Hons) | 40 |
| | | | LN | B.Com LLB (Hons) | 40 |

*ഗവൺമെന്റ്/ബാർ കൗൺസിൽ ഓഫ് ഇന്ത്യ/അതത് സർവകലാശാല എന്നിവയുടെ അംഗീകാരത്തിനുശേഷം മാത്രമേ ഈ കോളേജുകളിലേക്കുള്ള ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കൂ.

പ്രസ്തുത കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട സർവ്വകലാശാല ഉത്തരവുകൾക്കും, ബാർകൗൺസിലിന്റെ അംഗീകാരത്തിനും സർക്കാർ ഉത്തരവുകൾക്കും വിധേയമായിരിക്കും.

*ഫീസ്

| Colleges | Fees |
|---|---|
| Government Law Colleges | Annual Tuition Fee - **Rs.1575/-** |
| Private Self Financing Law College (Govt. Seats) | Annual Tuition Fee - **Rs.36,750/-**<br>Special Fee - **Rs.5,250/-**<br>Caution Deposit - **Rs.5000/-**<br>Refundable Deposit - **Rs.50,000/-** |

*മുൻ വർഷത്തെ ഫീസ് ഘടന

**2025-26ലെ ഫീസ് ഘടന സംബന്ധിച്ച അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 2024-25അധ്യയന വർഷത്തെ ഫീസ് അടയ്ക്കേണ്ടതാണ്. അതോടൊപ്പം, 2025-26 ലെ ഫീസ് സംബന്ധിച്ച അന്തിമ തീരുമാനപ്രകാരം ഉയർന്ന ഫീസ് പ്രാബല്യത്തിൽ വരുന്ന പക്ഷം അത് ഒടുക്കുന്നതിന് വിദ്യാർത്ഥികൾ ബാധ്യസ്ഥരായിരിക്കും.**

**<u>അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:</u>**

1. വിദ്യാർത്ഥിയുടെ ഡാറ്റാ ഷീറ്റ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
3. എസ്.എസ്.എൽ.സി/ജനന തീയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ/ജനന സർട്ടിഫിക്കറ്റ്/പാസ് പോർട്ട് എന്നിവയിൽ ഒന്നിന്റെ അസ്സൽ
4. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റും പാസ്സ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
6. അടുത്തകാലത്തെടുത്ത നാല് പാസ്പോർട്ട് സൈസ് ഫോട്ടോ
7. സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ/ബാങ്ക് എന്നിവിങ്ങളിൽ ജോലി ചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ/ ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി, പ്രവേശനം നേടുന്ന കോളേജുമായി ബന്ധപ്പെട്ട കേരളത്തിലെ സർവ്വകലാശാല നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള ലോ കോളേജുകൾ തിരെഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ, കേന്ദ്രീകൃത അലോട്ട്മെന്റിന്റെ ഭാഗമായി ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് മുമ്പ് തന്നെ അതത് സർവ്വകലാശാലകൾ നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ടതാണ്.
9. മറ്റ് സർവ്വകലാശാലകളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്തോ ആദ്യ സെമസ്റ്റർ പരീക്ഷയ്ക്ക് മുമ്പോ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
10. നേറ്റിവിറ്റി/സംവരണം/ഫീസ് ഇളവ് എന്നിവ തെളിയിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ളസർട്ടിഫിക്കറ്റുകളുടെ അസ്സൽ.
11. അപേക്ഷകന്റെ ദേശീയത വ്യക്തമാക്കുന്ന സ്വയം പ്രഖ്യാപനം (അനുബന്ധം XX)
12. പ്രോസ്പെക്ടസ്/വിജ്ഞാപനങ്ങൾ/അലോട്ട്മെന്റ് മെമ്മോ എന്നിവയിൽ പറഞ്ഞിട്ടുള്ള മറ്റ് സർട്ടിഫിക്കറ്റുകൾ/രേഖകൾ.

**കുറിപ്പ്: അലോട്ട്മെന്റ്/പ്രവേശനം സംബന്ധിച്ച വിജ്ഞാപനങ്ങൾക്കും മറ്റു വിവരങ്ങൾക്കും വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in നിരന്തരം സന്ദർശിക്കേണ്ടതാണ്.**

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
21-07-2025

Signed by
Arun S Nair
Date: 21-07-2025 13:43:04